# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.03.2025**

### പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യും.

2) സമഗ്ര മത്സ്യകൃഷി പദ്ധതിക്ക് പാലക്കാട് എലപ്പുള്ളി പഞ്ചായത്തിൽ തുടക്കമായി. കർഷകർക്കുള്ള ബോധവത്കരണ പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

3) പരീക്ഷ ചോദ്യ പേപ്പർ ചോർച്ച കേസിൽ സ്കൂൾ ജീവനക്കാരൻ അറസ്റ്റിൽ.

4) ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് കൊടിയേറി ; പൊങ്കാലയ്ക്കെത്തുന്നവർക്ക് ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ഭക്ഷണവും ഉറപ്പു വരുത്തണമെന്ന് മുഖ്യമന്ത്രി.

5) സംസ്ഥാനത്ത് ചൂട് കൂടുന്നു ; പൊതുജനങ്ങൾ കർശന മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

6) ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ഓസ്ട്രേലിയൻ താരം സ്റ്റീവ് സ്മിത്ത്.

RNU TVPM.

&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - വെബിനാർ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിൽ വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. ജനങ്ങൾ, സമ്പദ്‌വ്യവസ്ഥ, നവീകരണം എന്നിവയ്ക്കായുള്ള നിക്ഷേപം എന്നതാണ് വെബിനാറിന്റെ പ്രധാന വിഷയം. സർക്കാർ വകുപ്പുകൾ, വ്യവസായ - അക്കാദമിക മേഖലകൾ, പൗരന്മാർ എന്നിവർക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും, ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുമുള്ള ചർച്ചകൾ വെബ്ബിനറിന്റെ ഭാഗമായി നടക്കും.

&&&&&&&&&&&&&&&&&

## കിരൺ റിജിജു

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ സംസ്ഥാനത്തെത്തും. തിരുവനന്തപുരത്ത് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകനയോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

RNUTVPM

&&&&&&&&&&&&&&&&&

## പാലക്കാട് - ജോർജ്ജ് കുര്യൻ (ഇൻട്രോ)

കേന്ദ്ര സർക്കാരിൻ്റെ ഉൾനാടൻ മൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പാലക്കാട് എലപ്പുള്ളി പഞ്ചായത്തിൽ സമഗ്ര മത്സ്യകൃഷി പദ്ധതിക്ക് തുടക്കമായി. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ബോധവത്കരണ പരിപാടി രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....... (വോയ്സ്)**

&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ - ആശവർക്കർ**

മത്സ്യ രംഗത്ത് കേരളം ഏറെ മുന്നിലാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. ആശ വർക്കർമാർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചില്ലെന്ന സംസ്ഥാനത്തിന്റെ വാദം തെറ്റാണെന്ന് അദ്ദേഹം പാലക്കാട് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&

**സിപിഐ(എം) സംസ്ഥാന സമ്മേളനം**

CPI(M) സംസ്ഥാന സമ്മേളനത്തിന് നാളെ കൊല്ലത്ത് തുടക്കം. CPI(M) കോ-ഓർഡിനേറ്ററും, പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഈ മാസം ഒൻപത് വരെ നീളുന്ന സമ്മേളനത്തിൽ, വിവിധ ജില്ലകളിൽ നിന്ന് 486 പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള 44 നിരീക്ഷകരും അതിഥികളും പങ്കെടുക്കും.

&&&&&&&&&&&&&&&&&

**വി ഡി സതീശൻ - ഉപവാസം**

സംസ്ഥാനത്ത് വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കും ലഹരി വ്യാപനത്തിനുമെതിരെ 'നോ ക്രൈം നോ ഡ്രഗ്സ്' എന്ന മുദ്രാവാക്യം ഉയർത്തി യുഡിഎഫിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ഏകദിന ഉപവാസ സമരം ആരംഭിച്ചു. പ്രതിപക്ഷ നേതാവ് വിഡി സതീശൻ സമരം ഉദ്ഘാടനം ചെയ്യു.

RNU TVPM

&&&&&&&&&&&&&&&&&

**ചോദ്യപേപ്പർ - ചോർച്ച**

ക്രിസ്മസ് പരീക്ഷാ ചോദ്യ പേപ്പർ ചോർച്ച കേസിൽ ഒരാൾ കൂടി പിടിയിൽ. സ്കൂൾ ജീവനക്കാരനായ മലപ്പുറം സ്വദേശി അബ്ദുൾ നാസറെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കേസുമായി ബന്ധപ്പെട്ട് രണ്ട് പേർ നേരത്തെ പിടിയിലായിരുന്നു.

&&&&&&&&&&&&&&&&&

**ചൂട് - ജാഗ്രത**

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം പുറത്തിറക്കി.

സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനിടയുള്ളതിനാൽ പകൽ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കണം. കേരളത്തിൽ കഴിഞ്ഞ ദിവസം ഉയർന്ന അൾട്രാവയലറ്റ് സൂചികകൾ രേഖപ്പെടുത്തിയ സാഹചര്യത്തിൽ കർശന മുൻകരുതലുകൾ സ്വീകരിക്കണം.

&&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്ത് മാർച്ചിലെ റേഷൻ വിതരണം ഇന്ന് മുതൽ. നീല കാർഡ് ഉടമകൾക്ക് അധിക വിഹിതമായി 3 കിലോഗ്രാം അരി, കിലോയ്ക്ക് 10 രൂപ 90 പൈസ നിരക്കിൽ നൽകും. സാധാരണ വിഹിതമായി നൽകുന്ന അരിയും ഇവർക്ക് ലഭിക്കും.

&&&&&&&&&&&&&&&&&

## ആറ്റുകാൽ പൊങ്കാല (ഇൻട്രോ)

ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് തുടക്കമായി. ഈ മാസം 14 വരെ നീളുന്ന പൊങ്കാല മഹോത്സവത്തിനാണ് ദേവിയെ കാപ്പു കെട്ടി കുടിയിരുത്തിയതോടെ തുടക്കമായത്. ഈ മാസം 13 നാണ് ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........ (വോയ്സ്)**

പൊങ്കാല സമയത്ത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ക്രമീകരണങ്ങൾ നടത്തണമെന്ന് മുഖ്യമന്ത്രി ഇന്നലെ അവലോകകന യോഗത്തിൽ നിർദേശിച്ചു. പൊങ്കാലയ്ക്ക് എത്തുന്നവർക്ക് ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ഭക്ഷണവും ഉറപ്പു വരുത്താൻ പരിശോധന കർശനമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

RNU TVPM

## പൊങ്കാല - എക്സൈസ്

ആറ്റുകാൽ പൊങ്കാലയോട് അനുബന്ധിച്ച് ഈ മാസം 12ന് 6 മണി മുതൽ 13ന് വൈകിട്ട് 6 മണി വരെ നഗരപരിധിയിൽ ഡ്രൈ ഡേ കർശനമായി നടപ്പാക്കുമെന്ന് എക്സ്സൈസ് വകുപ്പ്. ആറ്റുകാൽ ക്ഷേത്രത്തിന് സമീപമായി എക്സ്സൈസ് കൺട്രോൾ റൂം തുറക്കും. ഗ്രൗണ്ടിൽ ഇന്ന് മുതൽ വിമുക്തിയുടെ സ്റ്റാളും സജ്ജമായിരിക്കും.

&&&&&&&&&&&&&&&&&&

## ഏഴരപ്പൊന്നാന ദർശനം

ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ ഏഴരപ്പൊന്നാന ദർശനം നാളെ. രാത്രി 11.30 ഓടെ ശ്രീകോവിലിൽ നിന്നു മഹാദേവനെ ആസ്ഥാനമണ്ഡപത്തിലേക്ക് എഴുന്നള്ളിക്കും. രാത്രി 12ന് ആസ്ഥാന മണ്ഡപത്തിൽ പൊന്നാനകളെ ദർശനത്തിനായി ഒരുക്കും. ഭക്തർക്കു ദർശിക്കാനായി സ്വർണത്തിടമ്പിനു മുൻപിലായിരിക്കും അര ആനയെ ഉയർത്തിവയ്ക്കുക.

&&&&&&&&&&&&&&&&&&

## സ്റ്റീവ് സ്മിത്ത്

ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ഓസ്ട്രേലിയൻ താരം സ്റ്റീവ് സ്മിത്ത്. ICC ചാമ്പ്യൻഷിപ്പ് സെമിയിൽ സ്മിത്ത് നയിച്ച ഓസ്ട്രേലിയൻ നിര ഇന്ത്യയോട് പരാജയപ്പെട്ടിരുന്നു. മനോഹരമായ യാത്രയായിരുന്നു എന്നും രണ്ട് ലോകകപ്പുകൾ നേടിയത് വലിയ നേട്ടമായി കരുതുന്നുവെന്നും സ്റ്റീവ് സ്മിത്ത് പറഞ്ഞു.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ. ഇന്നലെ ദുബായിൽ നടന്ന മത്സരത്തിൽ ഓസ്ട്രേലിയയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിലേക്ക് കുതിച്ചത്. ഇന്ന് ലാഹോറിൽ നടക്കുന്ന രണ്ടാം

RNU TVPM

സെമിഫൈനലിൽ ന്യൂസിലൻഡ് ദക്ഷിണാഫ്രിക്കയെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

&&&&&&&&&&&&&&&&&

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ജെംഷെഡ്പൂർ എഫ് സി - ഒഡിഷ എഫ് സി യെ നേരിടും. രാത്രി 7.30 നു ജെംഷെഡ്പൂരിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുഹമ്മദൻ എസ്.സി ക്കെതിരെ , എഫ്.സി ഗോവ എതിരില്ലാത്ത രണ്ടു ഗോളുകൾക്കു വിജയിച്ചു.

&&&&&&&&&&&&&&&&&

## ഗോൾ ഫോർ ഈക്വാലിറ്റി

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കോഴിക്കോട് 'ഗോൾ ഫോർ ഈക്വാലിറ്റി' എന്ന പേരിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നു. ജെൻഡർ പാർക്കും യുഎൻ വിമനും സംയുക്തമായി സംഘടിപ്പിക്കുന്ന ടൂർണമെന്റ് നാളെ കോഴിക്കോട് വെള്ളിമാടുകുന്ന് ജെൻഡർ പാർക്കിൽ നടക്കും. കായികരംഗത്ത് വനിത പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക, സ്ത്രീകൾക്കെതിരായ വിവേചനം തടയുക എന്നിവയാണ് ലക്ഷ്യം. കുടുംബശ്രീ, ഹരിത കർമ്മ സേന അംഗങ്ങൾ , അഭിഭാഷകർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ മത്സരത്തിൽ പങ്കെടുക്കും .

PRUTVPM

&&&&&&&&&&&&&&&&&

## ആലപ്പുഴ (ഇൻട്രോ)

കടുത്ത വേനലിൽ സംസ്ഥാനത്ത് പലയിടങ്ങളിലും ജലദൗർലഭ്യം അനുഭവപ്പെട്ട് തുടങ്ങിയെങ്കിലും ചേർത്തല താലൂക്കിന്റെ വടക്കൻ പ്രദേശങ്ങളിൽ ജനങ്ങൾ വെള്ളപ്പൊക്ക ദുരിതത്തിൽ. മലിനജലം കെട്ടികിടക്കുന്നതിനാൽ നാട് പകർച്ചവ്യാധി ഭീതിയിലാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...... (വോയ്സ്)**

&&&&&&&&&&&&&&&&&

ഫെഫ്ക

സമൂഹത്തിലെ അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും കാരണം സിനിമയാണെന്ന പ്രചാരണം തള്ളി സംവിധായക സംഘടനയായ ഫെഫ്ക. വയലൻസിനെ ആനന്ദത്തിനുള്ള ഉപാധിയെന്ന നിലയിൽ അവതരിപ്പിക്കപ്പെടുന്നത് വിമർശിക്കപ്പെടണമെന്നും ജനാധിപത്യപരമായ സംവാദങ്ങൾ സ്വാഗതം ചെയ്യുന്നതായും ഫെഫ്ക വക്താക്കൾ അഭിപ്രായപ്പെട്ടു. കലാരൂപമെന്ന നിലയിൽ മനുഷ്യപക്ഷത്തിന്റെ രാഷ്ട്രീയമാണ് സിനിമ ഉയർത്തിപ്പിടിക്കുന്നതെന്നും ഫെഫ്ക പറഞ്ഞു.

&&&&&&&&&&&&&&&&&

മാർക്കോ - അനുമതി നിഷേധിച്ചു

ഉണ്ണി മുകുന്ദൻ കേന്ദ്ര കഥാപാത്രമായ 'മാർക്കോ' സിനിമ ടി വി ചാനലുകളിൽ പ്രദർശിപ്പിക്കാനുള്ള അനുമതി നിഷേധിച്ചു. സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷനാണ് പ്രദർശനാനുമതി നിഷേധിച്ചത്. യു അല്ലെങ്കിൽ യു / എ കാറ്റഗറിയിലേക്ക് മാറ്റാൻ കഴിയാത്ത വിധം അക്രമ ദൃശ്യങ്ങൾ സിനിമയിൽ ഉണ്ടെന്നായിരുന്നു വിലയിരുത്തൽ. കൂടുതൽ സീനുകൾ ഒഴിവാക്കിയ ശേഷം നിർമ്മാതാക്കൾക്ക് വീണ്ടും അപേക്ഷിക്കാവുന്നതാണ്.

RNU TVPM

&&&&&&&&&&&&&&&&&

ആലുവ ലഹരിവേട്ട

എറണാകുളം ആലുവയിൽ വൻ ലഹരി വേട്ട. ഓപ്പറേഷൻ ക്ലീനിൻ്റെ ഭാഗമായി നാല് കിലോ കഞ്ചാവും ഒരു കിലോ ഹാഷിഷ് ഓയിലുമായി ആറ് പേരെ ആലുവ പോലീസ് പിടികൂടി. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

&&&&&&&&&&&&&&&&&

പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

എറണാകുളം മരട് നഗരസഭയുടെ കണ്ണാടിക്കാട്, നെട്ടൂർ, മരട് , കുണ്ടന്നൂർ പ്രദേശങ്ങളിൽ അനധികൃതമായി വില്പനയ്ക്ക് സൂക്ഷിച്ചിരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. ഏകദേശം 10 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങളാണ് നഗരസഭ

ആരോഗ്യവിഭാഗം പിടികൂടിയത്. ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ലഹരി സംഘങ്ങളുടെ പ്രവർത്തനമെന്ന് കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## സ്വർണ്ണം, ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 361 പോയിന്റ് ഉയർന്ന് 73,352 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 112 പോയിന്റ് നേട്ടത്തിൽ 22,206 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 440 രൂപ വർധിച്ച് 64,520 രൂപയും ഗ്രാമിന് 8,065 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

RNU TVPM